Ex/CGL(1) /39200/2019/CGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: **23.05.2020**
ഫോൺ നം. 0471-2580522, 0471 2580 508
ഇ-മെയിൽ- **secret.dge@kerala.gov.in**

# പത്രക്കുറിപ്പ്

വിഷയം: എസ്.എസ്.എൽ.സി/ ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷാകേന്ദ്ര മാറ്റം അനുവദിച്ചുകൊണ്ടുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മറ്റു ജില്ലകളിൽപ്പെട്ടു പോയ കുട്ടികൾക്ക് പരീക്ഷാകേന്ദ്രമാറ്റത്തിനായി അപേക്ഷിക്കാനുള്ള അവസരം 2020 മേയ് 21 വൈകിട്ട് 5 മണി വരെ അനുവദിച്ചിരുന്നു. ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ മീഡിയം, കോഴ്സ് എന്നിവ കൃത്യമായി തെരഞ്ഞെടുത്ത് പുതിയ പരീക്ഷാകേന്ദ്രം ലഭിക്കുന്നതിന് അപേക്ഷിച്ചവർക്ക് പ്രസ്തുത പരീക്ഷാകേന്ദ്രവും കോഴ്സുകൾ ലഭ്യമല്ലാത്ത പരീക്ഷാകേന്ദ്രം തെരഞ്ഞെടുത്തവർക്ക് പ്രസ്തുത കോഴ്സുകൾ നിലവിലുള്ള തൊട്ടടുത്ത പരീക്ഷാ കേന്ദ്രവും അനുവദിച്ചു കൊണ്ടുള്ള ലിസ്റ്റ് https://sslcexam.kerala.gov.in, www.hscap.kerala.gov.in, www.vhscap.kerala.gov.in എന്നീ വെബ്സൈറ്റുകളിലെ "Application for Centre Change" എന്ന ലിങ്കിലൂടെ ലഭ്യമാവുന്നതാണ്. പുതിയ പരീക്ഷാ കേന്ദ്രം അനുവദിച്ചുകൊണ്ടുള്ള വ്യക്തിഗത സ്ലിപ്പ് Centre Allot Slip എന്ന ലിങ്കിലൂടെ പ്രിന്റ് എടുക്കാവുന്നതാണ്. പുതിയ പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതുന്നതിന് നിലവിലുള്ള ഹാൾടിക്കറ്റും വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന Centre Allot Slip ഉം സഹിതമാണ് ഹാജരാകേണ്ടത്. ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് പരീക്ഷാ ഹാൾടിക്കറ്റ് കൈവശമില്ലാത്ത സാഹചര്യത്തിൽ Centre Allot Slip ഉം ഏതെങ്കിലും തിരിച്ചറിയൽരേഖയും സഹിതം പരീക്ഷ എഴുതുന്നതിന് ഹാജരായാൽ മതിയാകും. 2020 മാർച്ചിലെ പൊതുപരീക്ഷകൾക്ക് പരീക്ഷാ സഹായം അനുവദിച്ചിട്ടുള്ള CWSN വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ പുതിയ പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ടുമായി ഫോണിൽ ബന്ധപ്പെട്ട് പുതിയ കേന്ദ്രത്തിൽ സ്ക്രൈബ്/ഇന്റർപ്രട്ടർ സേവനം ഉറപ്പാക്കേണ്ടതാണെന്നും അറിയിച്ചു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ &പരീക്ഷാകമ്മീഷണർ**